കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 39677/ഇഎം2/09/തസ്വഭവ തിരുവനന്തപുരം, തീയതി: 18/09/2009.

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഔദ്യോഗിക യാത്ര - സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:- 1) 11/06/2008 -ലെ 75640/ഇഎം2/07/തസ്വഭവ നമ്പർ സർക്കുലർ.
2) 27/04/2009 -ലെ 59469/ഇഎം2/07/തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തേക്കും ഔദ്യോഗിക യാത്രകൾ നടത്തുന്നതായും അതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കുന്നതായും കണ്ടുവരുന്നു. ഇത്തരം യാത്രകൾ അനുവദനീയമല്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി പഞ്ചായത്ത്/മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തേക്കും ഔദ്യോഗിക യാത്രകൾ നടത്താൻ പാടുള്ളതല്ല എന്നും സ്പഷ്ടീകരണം നൽകുന്നു.

കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന ഔദ്യോഗിക യാത്രകൾക്ക് 1995 -ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 8(3) പ്രകാരവും സമാനമായ 1995 -ലെ മുനിസിപ്പൽ ചട്ടങ്ങളിലെ ചട്ടം 7 പ്രകാരവും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന യാത്രകൾ ബന്ധപ്പെട്ട അധികൃതർ മുൻകൂട്ടി നൽകുന്ന ക്ഷണക്കത്തിന്റെ അഥവാ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും അപ്രകാരമുള്ള ക്ഷണക്കത്തിന്റെ അഥവാ അറിയിപ്പിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള യാത്രകൾക്ക് സർക്കാർ അനുമതി നൽകുന്നതല്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നു.

**എസ്.എം. വിജയാനന്ദ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ നഗരസഭാ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും.

....2/

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ / അസിസ്റ്റന്റ് ഡെവലപ്മെന്റ്
കമ്മീഷണർമാർ / നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ